## പത്തനംതിട്ട ജില്ല

## 10.10.2025 തീയതിയിലെ സിറ്റിസൺ അസിസ്റ്റൻസ് അദാലത്ത് ജില്ലാതല സമിതി തീരുമാനം

റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിൽ ശ്രീ.ഷാജു എ വർഗ്ഗീസ്, അയന്തിയിൽ ഹൗസ് പഴവങ്ങാടി പി ഒ, റാന്നി എന്നവർ കെട്ടിട ഒക്കുപൻസിയും കെട്ടിട നമ്പരും അനുവദിയ്ക്കുന്നതിന് ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ച പരാതിയിൻമേൽ അദാലത്ത് സമിതി പരിഗണിച്ച് തീരുമാനം കൈക്കൊള്ളുന്നതിന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിലെ ഉപജില്ല അദാലത്ത് സമിതി -2 ന് ലഭിച്ച അപേക്ഷ പരിഗണിച്ച് അദാലത്ത് സമിതി -2 ജില്ലാതല അദാലത്ത് സമിതിയിലേയ്ക്ക് എസ്കലേറ്റ് ചെയ്തിട്ടുള്ളതാണ്. 01.09.2025 ൽ കൂടിയ ജില്ലാതല അദാലത്ത് സമിതി വിഷയം പരിഗണിച്ച് ചർച്ച ചെയ്തു. കെട്ടിടത്തിന്റെ നിലവിലുള്ള സ്റ്റാറ്റസ് കൂടി പരിശോധിച്ച ശേഷം പരാതിയിൻമേൽ തുടർ തീരുമാനം കൈക്കൊള്ളുന്നതാണ് ഉചിതമെന്ന് വിലയിരുത്തിയ സമിതി ബാധകമായ കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ നിലവിലെ സ്റ്റാറ്റസ് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഉപജില്ലാ അദാലത്ത് സമിതി - 2 നോട് നിർദ്ദേശിച്ചു.

സംസ്ഥാനതല ഫയൽ അദാലത്തിൽ പരിഗണിച്ച ടി വിഷയം നിർമ്മിച്ചിട്ടുള്ള കെട്ടിടം High rise building കാറ്റഗറിയിൽ ഉൾപ്പെട്ടു വരുന്നുവെന്നും ആയതിന് അനുസരിച്ചുള്ള സെറ്റ് ബാക്കും പാർക്കിംഗ് സ്പെയിസും സൈറ്റിൽ ലഭ്യമല്ല എന്നിവയായിരുന്നു കണ്ടെത്തിയ അപാകതകൾ.

ജില്ലാ അദാലത്ത് സമിതിയുടെ നിർദ്ദേശപ്രകാരം ഉപജില്ലാ അദാലത്ത് സമിതി നടത്തിയ സ്ഥല പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 80 പ്രകാരം 16 മീറ്ററോ അതിൽ കൂടുതലോ ഉയരമുള്ള കെട്ടിടങ്ങളാണ് High rise building കാറ്റഗറിയിൽ പെടുന്നത് എന്നും KSTP റോഡിന്റെ ഉയരം കൂട്ടിയതിനാൽ ടി റോഡിനോട് ചേർന്ന് സ്ഥിതി ചെയ്യുന്ന പ്ലോട്ടിൽ നിർമ്മിച്ചിട്ടുള്ള ടി കെട്ടിടത്തിന്റെ നിലവിലെ ഉയരം 15.6 മീറ്ററാണ് എന്ന് കാണുന്നുവെന്നും, High rise building കാറ്റഗറിയിൽ നിന്നും ടി കെട്ടിടം ഒഴിവായെങ്കിലും കെട്ടിടത്തിന്റെ പിൻ വശത്ത് 1.5 മീറ്റർ സെറ്റ് ബാക്ക് വേണ്ടയിടത്ത് 1.005 മീറ്റർ സെറ്റ് ബാക്ക് മാത്രമേ നിലവിലുള്ളുയെന്നും കൂടാതെ KPBR 2019 Rule 29 Table 10 പ്രകാരം ആവശ്യമായ പാർക്കിംഗ് സൗകര്യം സൈറ്റിൽ ലഭ്യമായിട്ടില്ലായെന്നും ഫയർ എസ്കേപ് സ്റ്റെയർകേസിൽ നിന്നും പ്ലോട്ട് അതിരിലേയ്ക്കുള്ള തുറസായ സ്ഥലം മാത്രമാണ് ലഭ്യമായിട്ടുള്ളതെന്നും ഉപജില്ലാ അദാലത്ത് സമിതി -2 ചൂണ്ടി കാണിച്ചിട്ടുള്ള സാഹചര്യത്തിൽ ടി ചട്ട ലംഘനങ്ങൾ ബാധകമായ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ പരിഹരിക്കുന്നുവെന്ന് സെക്രട്ടറി ഉറപ്പാക്കി ടി കെട്ടിടത്തിന് ഒക്കുപെൻസി സർട്ടിഫിക്കേറ്റും കെട്ടിട നമ്പരും അനുവദിയ്ക്കാമെന്ന് കാണുന്ന വിവരം സംസ്ഥാനതല അദാലത്ത് സമിതിയിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് തീരുമാനിച്ചു.

KPBR 2019 പ്രകാരം കെട്ടിടത്തിന്റെ [illegible] ലെവലിൽ നിന്നും കെട്ടിട ഉയരം പരിഗണിച്ച്, ടി നിർമ്മാണം ഹൈ റൈസ് വിഭാഗത്തിൽ വരുന്നില്ല എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.

**ജില്ലാതല അദാലത്ത് സമിതി അംഗങ്ങൾ** (ഒപ്പ്)

1. നൈസാം എ എസ്, ജില്ലാ ജോയിന്റ് ഡയറക്ടർ

2.രമേഷ് കെ എസ്, ജില്ലാ അസിസ്റ്റന്റ് ഡയറക്ടർ

Assistant Director
Local Self Government Department
Pathanamthitta

3. അരുൺ ജി, ജില്ലാ ടൗൺ പ്ലാനർ Arun. G

4. ബിന്ദു വേലായുധൻ, എക്സിക്യൂട്ടീവ് എഞ്ചിനിയർ, ജില്ലാപഞ്ചായത്ത്

Executive Engineer
LID & EW Division
Pathanamthitta

Office of the Executive Engineer LID & EW Division Pathanamthitta